प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്**, കേന്ദ്ര ഓഫീസ് , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : **022 - 2266 0502**

ഡിസംബർ 18, 2025

# തമിഴ് നാട്ടിലെ ദി ആരക്കോണം കോ-ഓപ്പെറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡിനു മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി.

'ബാങ്കിംഗ് റെഗുലേഷൻ ആക്ട്, 1949 ന്റെ വകുപ്പ് 17, വകുപ്പ് 56 ഉം ആയി കൂട്ടി വായിച്ചതിൻ പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ചതിനും, "വെളിപ്പെടുത്തൽ മാനദണ്ഡങ്ങളും നിയമാനുസൃതവും/മറ്റുള്ളതുമായ നിയന്ത്രണങ്ങളും-യൂ സി ബി കൾ)', 'അഡ്വാൻസുകളുടെ കാര്യ നിർവഹണം – യൂ സി ബി കൾ' കൂടാതെ 'നിങ്ങളുടെ ഉപഭോക്താവിനെ അറിയുക' എന്നതുമായ വിഷയങ്ങളെ സംബന്ധിച്ച് ആർ ബിഐ പുറപ്പെടുവിച്ചിട്ടുള്ള ചില നിശ്ചിത നിർദ്ദേശങ്ങൾ *പാലിക്കാത്തതിനും* 2025 ഡിസംബർ 15 ലെ ഉത്തരവു പ്രകാരം, തമിഴ് നാട്ടിലെ ദി ആരക്കോണം കോ-ഓപ്പെറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡിനു (പ്രസ്തുത ബാങ്ക്) മേൽ ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി. ഐ), 2,50,000 രൂപ (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ 47എ(1)(സി) എന്ന വകുപ്പിനൊപ്പം 46(4)(i), 56 എന്നീ വകുപ്പുകളും കൂട്ടിവായിച്ച പ്രകാരം ആർ. ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

പ്രസ്തുത ബാങ്കിന്റെ മേലുള്ള നിയമപ്രകാരമുള്ള പരിശോധന, അതിന്റെ 31 മാർച്ച് 2025 വരെയുള്ള സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി, ആർ.ബി.ഐ നടത്തുകയുണ്ടായി. ആർ.ബി.ഐ യുടെ മാർഗ്ഗരേഖകൾ പാലിക്കാത്തതായുള്ള പരിശോധനാ കണ്ടെത്തലുകളുടെയും ഇതു സംബന്ധിച്ച അനുബന്ധ കത്തിടപാടുകളുടെയും അടിസ്ഥാനത്തിൽ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തത്തിൽ ഉണ്ടായ വീഴ്ചയുടെ പേരിൽ പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് പ്രസ്തുത ബാങ്കിന് നോട്ടിസ് നൽകുകയുണ്ടായി. നോട്ടിസിനുള്ള പ്രസ്തുത ബാങ്കിന്റെ

മറുപടിയും വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം, മറ്റു പലതിന്റെയും കൂട്ടത്തിൽ, താഴെപ്പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്:

(i) 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ അറ്റാദായത്തിന്റെ 20% നിയമാനുസൃത കരുതൽ (സ്റ്റാറ്റ്യൂട്ടറി റിസെർവ്) ശേഖരത്തിലേക്ക് മാറ്റുന്നതിൽ വീഴ്ച വരുത്തി .

(ii) ചില നിശ്ചിത നാമമാത്ര അംഗങ്ങൾക്ക് നിർദ്ദിഷ്ട നിയന്ത്രണ പരിധിയേക്കാൾ അധികമായി വായ്പകൾ അനുവദിച്ചു.

(iii) ബുള്ളറ്റ് തിരിച്ചടവ് പദ്ധതിക്കു കീഴിൽ നിർദിഷ്ട നിയന്ത്രണ പരിധിയേക്കാൾ അധികമായി സ്വർണ്ണ പണയ വായ്പകൾ അനുവദിച്ചു.

(iv) കെ വൈ സി ആവശ്യകതകൾ പാലിക്കാത്തതായുള്ള അക്കൌണ്ടുകൾ ആരംഭിച്ചു, കൂടാതെ

(v) *ഉപഭോക്താക്കളുടെ കെ വൈ സി വിവരങ്ങൾ സെൻട്രൽ കെ വൈ സി റെക്കാർഡ് സ് രെജിസ്ട്രി യിൽ (സി കെ വൈ സി ആർ) നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ കൂട്ടിച്ചേർക്കുന്നതിൽ വീഴ്ച വരുത്തി.*

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരു മുൻവിധിയും ഉളവാക്കുന്നതല്ല.

**(ബ്രിജ് രാജ്)**

ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ്: 2025-2026/1732**